*Malappuram District Police*

# 28.09.2017 പെരിന്തൽമണ്ണ

നിരോധിത തുർക്കി നോട്ടുകളുമായി രണ്ടുപേർ പെരിന്തൽമണ്ണയിൽ അറസ്റ്റിലായി. മേലാറ്റൂർ വരിക്കോടൻ ഷമീം മുസ്താഖ് (35), മേലാറ്റൂർ ഉച്ചാരക്കടവ് കരുവാരവീട്ടിൽ ഫക്രുദ്ദീൻ (38) എന്നിവരെയാണ് പ്രത്യേക അന്വേഷണസംഘം പെരിന്തൽമണ്ണയിൽ അറസ്റ്റ്ചെയ്തത്. ഒന്നിന് അഞ്ചുലക്ഷം ഇന്ത്യൻ രൂപ മൂല്യമുള്ള നൂറോളം ടർക്കിഷ് ലിറ നോട്ടുകളാണ് പിടിച്ചത്. ഇന്ത്യൻ രൂപയുമായി താരതമ്യം ചെയ്യുമ്പോൾ ഒരു ലിറ നോട്ടിന് ഏകദേശം 18 രൂപയാണ് മൂല്യമുള്ളത്. ഏകദേശം 92.85 കോടി മൂല്യം വരുന്ന നോട്ടുകളാണ് ഇവരിൽ നിന്ന് പിടിച്ചെടുത്തിട്ടുള്ളത്. നോട്ടുകളുടെ ഉറവിടത്തെക്കുറിച്ചും ഇത്രയധികം നോട്ടുകൾ എങ്ങനെയാണ് കേരളത്തിലേക്ക് കൊണ്ടുവന്നതെന്നതുമുൾപ്പെടെയുള്ള കാര്യങ്ങളിൽ തുടരന്വേഷണം നടത്തുന്നുണ്ട്.